(ഡി) തച്ചോട്ടുകാവ് റസിഡൻസ് അസ്സോസിയേഷൻ നിയമമന്ത്രിക്ക് നൽകിയ നിവേദനം തദ്ദേശസ്വയംഭരണ വകുപ്പിന് കൈമാറിയതിന്മേൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

എ) ഇല്ല.

(ബി) ഉണ്ട്.

(സി) നിലവിലുള്ള നിയമങ്ങളുടെ പരിരക്ഷ ലഭിക്കുന്നതാണ്.

(ഡി) നിയമമന്ത്രിക്ക് നൽകിയതായി സൂചിപ്പിച്ച നിവേദനം ഈ വകുപ്പിൽ ലഭ്യമായിക്കാണുന്നില്ല.

ആലപ്പുഴ ജില്ലയിലെ ആരാധനാലയങ്ങൾ

147 (6065) ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൗരാണിക പട്ടണമായ ആലപ്പുഴയിൽ വ്യത്യസ്ത മത വിഭാഗത്തിൽപ്പെട്ട എത്ര ആരാധനാലയങ്ങൾ ഉണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) ഓരോ മത സമുദായങ്ങളുടെ ആരാധനാലയങ്ങൾ ഏതെല്ലാം എന്ന് വേർതിരിച്ച് വ്യക്തമാക്കുമോ ?

ഉത്തരം

(എ & ബി) വിവരം ശേഖരിച്ചുവരുന്നു.

ആരാധനാലയങ്ങളുടെ നിർമ്മാണം സംബന്ധിച്ച ചട്ടം

148 (6066) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആരാധനാലയങ്ങൾ നിർമ്മിക്കാനും പുതുക്കിപ്പണിയാനും അറ്റകുറ്റപ്പണികൾ നടത്താനും ജില്ലാ ഭരണകൂടത്തിന്റെ അനുമതി വേണമെന്ന് നിഷ്കർഷിക്കുന്ന ജി.ഒ.(പി) 217/05/ഹോം തീയതി 25-7-2005 എന്ന ഉത്തരവ് കേന്ദ്ര നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ പുറപ്പെടുവിച്ചിട്ടുള്ളതാണോ ;

(ബി) എങ്കിൽ ആരാധനാലയങ്ങളുമായി ബന്ധപ്പെട്ട മുകളിൽ പറഞ്ഞ കാര്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സെക്രട്ടറിമാർക്ക് തന്നെ നേരിട്ട് അനുമതി നൽകാം എന്ന് വ്യക്തമാക്കുന്ന കേന്ദ്ര ആഭ്യന്തര വകുപ്പ് സെക്രട്ടറിയുടെ 24-11-2009 -ലെ കത്ത് സർക്കാരിന് ലഭിച്ചിട്ടുണ്ടോ ; എങ്കിൽ എന്നാണ് ലഭിച്ചത് ;

LIBRARY ARCHIVES Kerala Legislative Assembly